അവർക്കു കുഞ്ഞുങ്ങളില്ല. ഇവർ പെന്തെക്കോസ്ത് സഭയിൽപ്പെട്ടവരാണ്. മോളമ്മയ്ക്കു പ്രേതബാധയുണ്ടെന്നു കരുതി മോളമ്മയെ ചാലം പാടത്തു കല്യാണകുന്നേൽ കുഞ്ഞൂട്ടി എന്നു പറയുന്ന തോമസിന്റെ വീട്ടിലേക്കു ചികിൽസയ്ക്കായി 10-11-1986-ൽ ജോൺസൺ കൂട്ടിക്കൊണ്ടുപോയി. വീട്ടുടമയായ പാസ്റ്റർ തോമസും അയാളുടെ ഭാര്യ ഏലിയാമ്മയും, പൗലോസ് എന്നു വിളിക്കുന്ന ജോയിയുമാണ് മോളമ്മയെ ചികിൽസിച്ചത്. പ്രാർത്ഥനയും ശാരീരിക പീഡനവുമായിരുന്നു ചികിൽസാ രീതി. 15-11-1986 രാവിലെ 11.30-ന് മോളമ്മ ബോധരഹിതയായി. വിവരമറിഞ്ഞ അയൽവാസികളും പോലീസിൽ അറിയിക്കുകയുണ്ടായി. പോലീസ് സ്ഥലത്തുവന്നു. മോളമ്മയെ തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചു എങ്കിലും ഡോക്ടർ പരിശോധിച്ച് മോളമ്മ മരിച്ചുപോയതായി പറഞ്ഞു. ഇതിലേക്ക് 15-11-1986-ൽ ക്രൈം നമ്പർ 206/86 അൺ ആക്ച്വൽ ഡെത്ത് ആയി മണ്ണുത്തി പോലീസ് കേസ് രജിസ്റ്റർ ചെയ്തു അന്വേഷണം ആരംഭിച്ചു. ഇൻക്വസ്റ്റ് തയ്യാറാക്കി മൃതദേഹം പോസ്റ്റുമോർട്ടത്തിനു തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് അയച്ചു. പോസ്റ്റുമോർട്ടം നടത്തിയ ഡോക്ടർ ഇതൊരു കൊലപാതകമാണെന്ന് അഭിപ്രായപ്പെട്ടു. അതനുസരിച്ച് സെക്ഷൻ 302/86/ഐ. പി. സി. പ്രകാരം അന്വേഷണം തുടരും. പ്രതികളായ ജോൺസനെയും ഏലിയാമ്മയെയും 16-11-1986 വൈകിട്ട് 7.15 ന് അറസ്റ്റു ചെയ്യുകയുണ്ടായി. മൂന്നാംപ്രതി പാസ്റ്റർ ഒളിവിലാണ്. അന്വേഷണം തുടർന്നു വരുന്നു.

(6) വെള്ളിക്കുളങ്ങര പോലീസ് എസ്. ഐ.–യെപ്പറ്റിയുള്ള പരാതി

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, തൃശ്ശൂർ ജില്ലയിൽ വെള്ളിക്കുളങ്ങര പോലീസ് സ്റ്റേഷനിൽ വഴിത്തർക്കം സംബന്ധിച്ച് ഒരു പരാതിയുമായി ചെന്ന പള്ളത്തേരി ഗോപാലന്റെ ഭാര്യ 38 വയസുള്ള കല്യാണിയെ വീട്ടിൽ വിളിച്ചു വരുത്തി കഴിഞ്ഞ 9-ാം തീയതി പട്ടാപ്പകൽ ബലാൽസംഗത്തിനായി എസ്. ഐ. കൈയ്ക്കു കടന്നു പിടിച്ചു. കല്യാണി മാനവും ജീവനും രക്ഷിക്കാൻ വേണ്ടി എസ്. ഐ.-യെ കടിച്ചു കുതറി ഓടി രക്ഷപ്പെടുകയുണ്ടായി. കഴിഞ്ഞ 13-ാം തീയതി രാത്രി എതിർ കക്ഷികളും പോലീസിന്റെ പ്രേരണയോടെ കല്യാണിയുടെ ഇടതു കൈ തല്ലിഒടിച്ചും തലയിൽ കല്ലെറിഞ്ഞും പരിക്കേൽപ്പിച്ചു. മകൻ ജവാനെ മർദ്ദിച്ചു. ഇരുവരും തൃശ്ശൂർ ജില്ലാ ആശുപത്രിയിലാണ്. കല്യാണിയുടെ ഭർത്താവ് ജവാനായിരുന്നു. 16 കൊല്ലം മുമ്പ് മരിച്ചു. കല്യാണിയുടെ ഒരു കണ്ണിനു കാഴ്ചയില്ല. ജവാനിയും ജയയും രണ്ടു പെൺകുട്ടികളും ജവാൻ ഒരു ആൺകുട്ടിയുമാണ് കല്യാണിക്കുള്ളത്. അവർ രണ്ടാഴ്ചയായി ഇതുവരെ വീട്ടിൽ കയറിയിട്ടില്ല. ഇളയ രണ്ടു കുട്ടികളും ഇതുവരെ സ്കൂളിൽ പോകുന്നില്ല. അപമാനഭാരം കൊണ്ട് കല്യാണി ക്ഷീണം കഴിച്ചിട്ട് 10 ദിവസമായി, തളർന്നു കിടക്കുകയാണ്. ഞാൻ ആശുപത്രിയിൽ പോയി ഇവരെ കണ്ടു. കല്യാണിയിൽ നിന്നും എസ്. ഐ. 50 രൂപ കൈക്കൂലി വാങ്ങി. ബലാൽസംഗത്തിനു ശ്രമിക്കുന്നതിനു മുമ്പ് 50 രൂപ മടക്കി കൊടുത്തു. രൂപയല്ല വേണ്ടതു നിന്റെ ശരീരമാണെന്നു പറഞ്ഞ് കടന്നു പിടിച്ചു. കല്യാണി നിലവിളിച്ചപ്പോഴേക്കും കഴുത്തിൽ ഞെക്കി ശ്വാസം മുട്ടിച്ചു. എസ്. ഐ.-യുടെ മുണ്ട് അഴിഞ്ഞ് താഴെ വീണതിനാൽ കല്യാണി ജീവനും കൊണ്ട് ഓടി. ആ ജവാന്റെ കുടുംബത്തോട് കണ്ണു കാണാത്ത ആ സ്ത്രീയോട് കണ്ണിൽചോരയില്ലാത്തവിധം അതിക്രൂരമായിട്ട് പോലീസും എതിർ കക്ഷികളും പ്രവർത്തിച്ചത്. പോലീസിനെ

LIBRARY ARCHIVES Kerala Legislative Assembly

കയറൂരി വിട്ടിരിക്കുകയാണ്. അത് മറ്റൊരു തങ്കമണി സംഭവമാകുന്നതിനുമുമ്പ് സത്വരമായ കരുതൽ നടപടികളും എടുക്കണമെന്ന് ഞാൻ വകുപ്പു മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : സർ. വെള്ളിക്കുളങ്ങര എസ്. ഐ. യുടെ ക്വാർട്ടേഴ്സിൽ വച്ച് 9-11-1986-ൽ എസ്. ഐ. തന്റെ കൈയ്ക്കു പിടിക്കുകയും തന്നോട് അപമര്യാദയായി പെരുമാറുകയും ചെയ്തുവെന്ന പരാതി 10-11-1986-ൽ തൃശ്ശൂർ ഡി. വൈ. എസ്. പി. ക്കു പള്ളത്തേരി ഗോപാലന്റെ ഭാര്യ കല്യാണി നൽകുകയുണ്ടായി. പരാതിയെ പറ്റി തൃശ്ശൂർ ഡി. വൈ. എസ്. പി. നേരിട്ട് അന്വേഷണം നടത്തിയതിൽ താഴെ പറയുന്ന വസ്തുതകളും മനസ്സിലാക്കി. എസ്. ഐ. പരമേശ്വരൻ ക്വാർട്ടേഴ്സിൽ തനിച്ചാണ് താമസം. കല്യാണി അയൽക്കാരനായ രഘുവരനുമായി പുരയിടത്തിന്റെ അതിർത്തിതർക്കത്തെ സംബന്ധിച്ച് 2-11-1986-ൽ എസ്. ഐ.-ക്കു പരാതി നൽകുകയുണ്ടായി. 7-11-1986-ൽ പെറ്റീഷനെക്കുറിച്ചു അന്വേഷിച്ച്. എസ്. ഐ. സ്ഥലത്തു ചെല്ലുകയും അടുത്ത ദിവസം 8-11-1986-ൽ രണ്ടു കക്ഷികളേയും സ്റ്റേഷനിൽ വരാൻ ഏർപ്പാടു ചെയ്യുകയും ചെയ്തു. 8-11-1986-ൽ കല്യാണി മാത്രമെ സ്റ്റേഷനിൽ ചെന്നുള്ളു. എതിർ കക്ഷിയെ വിളിപ്പിക്കാമെന്നും അടുത്ത ദിവസം 9-11-1986-ൽ ക്വാർട്ടേഴ്സിൽ ചെല്ലണമെന്നും അപ്പോഴെ വിവരം പറയാമെന്നും എസ്. ഐ. പറഞ്ഞു അതനുസരിച്ച് 9-11-1986-ൽ ഉച്ചയ്ക്ക് രണ്ടു മണിയോടുകൂടി കല്യാണി എസ്. ഐയുടെ ക്വാർട്ടേഴ്സിൽ ചെന്നു. അപ്പോഴെ എസ്. ഐ. കല്യാണിയുടെ കൈയ്ക്കു കടന്നു പിടിച്ചു എന്നും അപമര്യാദയായി പെരുമാറിയെന്നുമാണ് കല്യാണിയുടെ പരാതി. ഈ സംഭവം കണ്ട മറ്റൊരു സാക്ഷിയുമില്ല. എസ്. ഐ.-യുടെ ക്വാർട്ടേഴ്സിനു തൊട്ടുമുമ്പിൽ ഒരു വൈദ്യശാലയും ഒന്നുരണ്ടു കടകളുമുണ്ട്. അവർ ആരും തന്നെ ഇങ്ങനെയൊരു സംഭവം നടന്നതായി പറയുന്നില്ല. എസ്. ഐ. യുടെ ക്വാർട്ടേഴ്സിൽ പോകുന്നതിനു മുമ്പും അതിനുശേഷവും കല്യാണി വൈദ്യശാലയിൽ വന്നിരുന്നു. ഇപ്രകാരമൊരു സംഭവം നടന്നതായി വൈദ്യശാല ഉടമസ്ഥനോ മറ്റു ആരെങ്കിലുമോ പറയുന്നില്ല. എസ്. ഐ.-യുടെ ക്വാർട്ടേഴ്സിനകവശം റോഡിൽ നിന്ന് കാണാവുന്നതാണ്. ഇപ്രകാരമൊരു സംഭവം എന്തെങ്കിലും നടന്നിരുന്നെങ്കിൽ റോഡിൽ കൂടി പോകുന്ന ആൾക്കാർക്കു കാണാൻ സാധിക്കുമായിരുന്നു. എസ്. ഐ. പരാതിക്കാരിയോടു അപമര്യാദയായി പെരുമാറിയതിനു മറ്റു തെളിവുകളൊന്നും ഇല്ലെങ്കിൽതന്നെയും പരാതിക്കാരിയെ തനിച്ചു താമസിക്കുന്ന എസ്. ഐ. ക്വാർട്ടേഴ്സിൽ വരാൻ പറഞ്ഞത് സദുദ്ദേശത്തോടുകൂടിയായിരിക്കുകയില്ല. അതുകൊണ്ട് വിശദമായ അന്വേഷണത്തിലേക്കായി എസ്. ഐ.-യെ 15-11-1986 മുതൽ സസ്പെൻഡ് ചെയ്തിരിക്കുകയാണ്.

(7) ആലപ്പുഴ മുനിസിപ്പൽ അതിർത്തിയിൽ നിന്നും പൊളിച്ചു മാറിയ ബങ്കുകാരെ പുനരധിവസിപ്പിക്കാൻ നടപടി

ശ്രീമതി കെ. ആർ. ഗൗരി : സർ, നമ്മുടെ മുനിസിപ്പൽ ടൗണുകളിൽ മിക്കവാറുമുള്ള ബങ്കുകളും റവന്യൂ അധികാരികളും പൊളിച്ചു മാറിയത് സുപ്രീം കോടതിയിലെ ചില പരാമർശത്തെത്തുടർന്നാണെന്നാണ് പറയുന്നത് ആലപ്പുഴ ടൗണിൽ മുനിസിപ്പാലിറ്റി വച്ചുകൊടുത്ത ബങ്കുകളുണ്ടായിരുന്നു. അതുപോലെ അവിടെ ബങ്കുകളും ബങ്കുകാർ സ്വയം വച്ചതും മുനിസിപ്പാലിറ്റി.

LIBRARY ARCHIVES Kerala Legislative Assembly